# ചുവട്

## ഡിജിറ്റൽ മാഗസിൻ
## സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
## ചിറ്റാട്ടുകര, ചാവക്കാട് ഉപജില്ല




**E mail – st.sebastian104@gmail.com**

# സമർപ്പണം

## മഹാപ്രളയത്തിൽ ജീവൻ പൊലിഞ്ഞവർക്ക്



## താളുകൾ മറിയുമ്പോൾ

സ്കൂൾ വെബ്പേജ് ............................................ 4
ആശംസകൾ ...................................................5
എഡിറ്റോറിയൽ ബോർഡ് ................................6
ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട് ..............................7
ലേഖനം .........................................................8
ജീവചരിത്രം ...................................................10
പഴഞ്ചൊല്ലുകൾ ................................................11
പുത്തൻ കണ്ടുപിടുത്തങ്ങൾ ................................12
ജനറൽ ക്വിസ് ................................................14
ഇംഗ്ലീഷ് കവിത ...............................................17
ഇംഗ്ലീഷ് കഥ ....................................................18
കഥ ..................................................................19
ലേഖനം .......................................................... 20
കഥ ..................................................................22
കുട്ടികവിതകൾ .................................................23
അനുഭവക്കുറിപ്പ് ...............................................24
ലേഖനം ..........................................................25
കഥ ..................................................................27
അപരഗാന്ധിമാർ ..............................................28
കവിത ..............................................................29
എന്റെ വര .........................................................30
നന്ദി ..................................................................31

Home About us Contact Departments Gallery

**St.sebastians HS chittatukara**

Call Us : +91 4885 223529, +91 8547 521212

E-Mail : st.sebastian104@gmail.com

Education is a Progressive Discovery of our Ignorance

## ST.SEBASTIAN'S HS CHITTATUKARA

Welcomes You

Chittatukara St sebastian's School was started in June 1966.it is a Religious Community of the RC Church. This Institution is an English and Malayalam Medium School aims at the full development of the pupil's moral, intellectual, social and physical capacities.

The administration of the school is vested with the above educational agency, the superior of the School, Perunad being the Ex-officio Manager. The school is situated on a beautiful place (chittatukara) in an extensive plot of about 4 acres in the elavally town on Trichur-guruvayur Road.

This school has upgraded to the status of High School in 2002. The School was started with an intention to equip our boys and girls to take their due place in modern society. We are inspired by noble ideals.

While the scholastic standard is held high, it is also held that true education is more than passing examinations and following a set course of study. Along with intellectual Achievement there must be corresponding development of physical, Moral and spiritual powers. The institution lays stress on the formation of character and seeks to develop a spirit of self-sacrifice and service.

Headmaster
Sri. Justin Thomas

Justin Thomas

**Headmaster**

**Manager**





**Fr.Paul Thanickal**

## ആശംസ

2018-19 അധ്യയനവർഷത്തിൽ ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് IT CLUB അംഗങ്ങളുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. വളരുന്ന വിവരസാങ്കേതിക വിദ്യകൾക്കൊപ്പം മുന്നേറാൻ സ്കൂൾ വിദ്യാർത്ഥികൾക്കും കഴിയുന്നു എന്നതിൽ അഭിമാനിക്കുന്നു. ഡിജിറ്റൽ മാഗസ്സ് പ്രവർത്തനങ്ങൾക്ക് എല്ലാആശംസകളും നേരുന്നു.



മാനേജർ

ഫാ. പോൾ താണിക്കൽ

---

## ആശംസ

ദേശീയവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാഹൈസ്കൂളുകളും ഹൈടെക് ആയി മാറി കഴി\ഞ്ഞു. കൂടാതെ കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് IT CLUB നിലവിൽ വന്നു. പഠനത്തോടൊപ്പം വിവരസാങ്കേതിക രംഗത്തും വിദ്യാർത്ഥികൾ വൻ മുന്നേറ്റം നടത്തുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.



ഹെഡ്മാസ്റ്റർ

ജെസ്റ്റിൻ തോമസ് പി

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ജെസ്റ്റിൻ പി തോമസ്

മാനേജിംഗ് എഡിറ്റർ : ജോഷി വി ഡി & ജ്യോതി ആന്റണി

എഡിറ്റർ : അലൻ ജെറി

സബ് എഡിറ്റേഴ്സ് : എഡ്വിൻ റാഫേൽ
എഡ്വിൻ ബേബി
ആദർശ് സി ജോസ്
എവിൻ കെ എ
ബാലശങ്കർ എം വി
അക്ഷയ



## ചിറ്റാട്ടുകര സെന്റ്  സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
## ഹൈടെക് ഉദ്ഘാടനം

ചിറ്റാട്ടുകര സെന്റ്  സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ഹൈടെക് ഉദ്ഘാടനം  ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസമന്ത്രി പ്രൊ. സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു.




## ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ് സെന്റ്.സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ചിറ്റാട്ടുകര

2018-19 വർഷത്തിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ടെക്നോളജി എ ജ്യൂക്കേഷൻ (കൈറ്റ്) ന്റെ നിർദ്ദേശ പ്രകാരം നമ്മുടെ സ്കൂളിലുംെെകെറ്റ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.ഉപജില്ലയുടെ ചുമതല വഹിക്കുന്ന അനീഷ് മാസ്റ്ററുടെ പദ്ധതി വിശദീകരണ ക്ലാസ്സിൽ വച്ച് പ്രധാന അധ്യാപകൻ ജെസ്റ്റിൻ തോമസ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു.പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുത്ത 40 വിദ്യാർത്ഥികൾ ആദ്യ ബാച്ചിലെ അംഗങ്ങളായി.സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കൈറ്റ് മാസ്റ്ററായി വി.ഡി. ജോഷി മാസ്റ്ററേയും കൈറ്റ്മിസ്ട്രസായി ജ്യോതി ആന്റണി ടീച്ചറേയും പ്രധാന അധ്യാപകൻ ചുമതലപ്പെടുത്തി. സബ് ജില്ല അടിസ്ഥാനത്തിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്ത അധ്യാപകർ എല്ലാ ബുധനാഴ്ചയും സ്കൂൾ വിട്ട് നാലു മണി മുതൽ അഞ്ച് മണി വരെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നു. കുട്ടികൾക്ക് പ്രത്യേകഐ.ഡി.കാർഡ്, സ്കൂളിൽ പ്രത്യേക പ്രദർശന ബോർഡ് എന്നിവ കൈറ്റിന്റെ സഹായത്താൽ സ്കൂളിൽ ഒരുക്കാനായി.സ്കൂൾ തലത്തിൽ ക്ലബ്ബ് അംഗങ്ങൾക്കായി ഒരു  ഏകദിന ക്യാമ്പ് കൈറ്റ് മാസ്റ്ററുടെയും മിസ് ട്ര സിന്റയും മേൽനോട്ടത്തിൽ സ്കൂളിൽ സംഘടിപ്പിച്ചു.ക്യാസ് പ്രവർത്തനങ്ങൾ അനീഷ് മാസ്റ്റർ ക്യാമ്പ് സന്ദർശിച്ച് വിലയിരുത്തി.

ക്യാമ്പിൽ നിന്നും തെരഞ്ഞെടുത്ത ആറ് വിദ്യാർത്ഥികളെ ഉപജില്ലാ തല ക്യാമ്പിൽ പങ്കെടുപ്പിച്ചു. കൈ റ്റിന്റെ നേതത്വത്തിൽ നടത്തിയ ദ്വിദിന ക്യാമറ പരിശീലന ക്യാമ്പിൽ നമ്മുടെ സ്കൂളിലെ 4 കുട്ടികളെ പങ്കെടുപ്പിച്ചു.' ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, പ്രോഗ്രാമിങ്ങ്, എന്നീ വിധി ധ വിഷയങ്ങളിൽ കുടികൾക്ക് പരിശീലനം ലഭിച്ചു കഴിഞ്ഞു.ഹൈടെകായി തീർന്ന നമ്മുടെ ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളിലും സ്ഥാപിച്ചിരിക്കുന്ന പ്രോജക്ടർ, ലാപ് ടോപ്പ് എന്നീ ഉപകരണങ്ങളുടെ സംരക്ഷണവും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബംഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്നു.



# വിദ്യാർത്ഥികളും വായനാശീലവും



വിദ്യാർത്ഥികളായ നമ്മുടെ ഒന്നാമത്തെ കടമ അറിവു നേടുകയാണ്. അറിവുനേടാനുള്ള വഴികൾ എന്തെല്ലാമാണ്? അധ്യാപകർ നമ്മെ പഠിപ്പിക്കുന്നു. പത്രമാസികകളും റേഡിയോ,ടി.വി തുടങ്ങിയ മാധ്യമങ്ങളും അറിവ് നൽകുന്നു. കൂടാതെ നമുക്കു കിട്ടുന്ന പല അനുഭവങ്ങളും അറിവായി മാറുന്നു. ഇപ്രകാരം നാനാതരത്തിലാണ് നമ്മൾ അറിവുള്ളവരായി തീരുന്നത്. എന്നാൽ ഇപ്പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മാർഗമാണ് വായന. ശരിയായ വായനാശീലത്തിലൂടെ അറിവിന്റെ അനന്തചക്രവാളങ്ങളിലേക്ക് കടന്നുചെല്ലാൻ നമുക്കു കഴിയും. വിജ്ഞാനവും വിനോദവും നൽകുന്ന എത്രയെത്ര പുസ്തകങ്ങളാണ് നമ്മെ മാടി വിളിക്കുന്നത്. കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കാൻ വായനക്കുള്ള പങ്കു വളരെ വലുതാണ്. മനുഷ്യമനസിനെ ഉണർത്താനും ഉയർത്താനും നല്ല പുസ്തകങ്ങൾക്ക് കഴിയുമെന്ന് ടോൾസ്റ്റോയി പറഞ്ഞിട്ടുണ്ട്.

ലോകം കണ്ടിട്ടുള്ള നേതാക്കൻമാരിൽ പലരും നല്ല വായനാശീലം കൈമുതലാക്കിയവരായിരുന്നു. ഒരു പുസ്തകം വായിക്കാൻ വേണ്ടി വളരെയധികം ക്ലേശങ്ങൾ സഹിച്ച എബ്രഹാം ലിങ്കന്റെ കഥ ആരെയും ആവേശഭരിതരാക്കാൻ കെൽപ്പുള്ളതാണ്. ഗാന്ധിജി, ടോൾസ്റ്റോയ് കൃതികൾ വായിച്ചിരുന്ന ആളാണ്. മഹത്തായ ചില പുസ്തകങ്ങളെഴുതിയ നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മികച്ച വായനക്കാരനായിരുന്നു. പ്രഥമപ്രസിഡന്റായിരുന്ന രാജേന്ദ്രപ്രസാദാകട്ടെ, തന്റെ അറിവിന്റെ പകുതിയും വായനയിലൂടെ ലഭിച്ചതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

വായനാശീലത്തിന്റെ മഹത്വത്തെക്കുറിച്ച് എത്രയോ ചിന്തകന്മാരാണ് ആവേശത്തോടെ പറഞ്ഞിട്ടുള്ളത്! 'വായന മനുഷ്യനെ പൂർണനാകുന്നു' എന്ന് മഹാനായ ഫ്രാൻസിസ് ബേക്കൺ പറഞ്ഞത് ഇവിടെ സ്മരണീയമാണ്. നല്ല കൃതികൾ മനുഷ്യമനസ്സിനെ സംസ്കരിച്ച് ശുദ്ധമാക്കുന്നു. അതിന് പത്രമാസികകൾ മാത്രം വായിച്ചാൽ പോരാ. അവ വായിക്കണം, പക്ഷെ, ഒപ്പം തന്നെ മറ്റു പുസ്തകങ്ങളും വായിക്കണം. മഹാത്മാരുടെ ജീവചരിത്രങ്ങളും ആത്മകഥകളും നമുക്ക് വലിയ പ്രചോദനം നൽകും. കൂടാതെ, കഥകൾ, കവിതകൾ, നോവലുകൾ, നാടകങ്ങൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കൃതികളും വായിക്കണം. ആസ്വാദനശേഷി വർദ്ധിപ്പിക്കാനും പുതിയകാഴ്ചപ്പാടുകൾ നൽകാനും അവയ്ക്കു കഴിയും. അവയിലെ ആശയങ്ങൾ നമ്മെ സ്വാധീനിക്കും. വായന ഒര് വിനോദോപാധിയാണ്. വിശ്രമവേളകളിൽ അത് ചെയ്യാവുന്നതാണ്. വായന ഒരു
കലയുമാണ്.



മനുഷ്യ സംസ്കാരത്തെ നിലനിർത്തുന്ന ഗ്രന്ഥങ്ങളുടെ പാരായണം നമ്മെ വലിയവരാക്കും. അതുകൊണ്ടാണ് ഒരു മഹാൻ ഒരു വലിയ വായനക്കാരനായിരിക്കുമെന്ന് എമേഴ്സൺ സൂചിപ്പിച്ചത്. പക്ഷേ, അലസമായി ചെയ്യേണ്ട ഒന്നല്ല വായന.

നമ്മുടെ അഭിരുചിയ്ക്കും താൽപര്യത്തിനും സന്ദർഭത്തിനും അനുസൃതമായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കണം. അതിന് രക്ഷാകർത്താക്കളുടേയും അധ്യാപകരുടേയും സഹായം നാം തേടണം.

കമ്പ്യൂട്ടറിന്റേയും ഇന്റർനെറ്റിന്റേയും ഈ കാലഘട്ടത്തിലും പുസ്തകങ്ങൾക്കും വായനാശീലത്തിനും അർത്ഥവും ലക്ഷ്യവുമുണ്ട്. ലേഡി മെണ്ടേഗു പറഞ്ഞതുപോലെ, ഏറ്റവും ചെലവുകുറഞ്ഞതും ഏറെ ഫലം തരുന്നതുമായ വിജ്ഞാനവിനോദോപാധിയാണ് വായന. അതിനാൽ പഠനകാലത്തുതന്നെ വായിക്കുന്ന ശീലം നാം വളർത്തിയെടുക്കണം. സ്കൂളിലും കോളേജിലുമുള്ള പഠനം അവസാനിപ്പിച്ചാലും സ്വയം പഠിക്കാനും അറിവുനേടാനും അങ്ങനെ ജീവിത വിജയം സ്വന്തമാക്കാനും വായനാശീലം നമ്മെ സഹായിക്കും.





**ലേഖനം - അക്ഷയ X B**

# ജിവചരിത്രം

എം.എസ് സുബലക്ഷ്മി തമിഴ്നാട്ടിലെ ക്ഷേത്രനഗരമായ മധുരയിൽ 1916 സെപ്റ്റംബർ 16 നാണ് സുബ്ബലക്ഷ്മി ജനിച്ചത്.സംഗീതജ്ഞയായ അമ്മ ആദ്യകാലത്ത് അവരുടെ ഗുരുനാഥ കൂടിയായിരുന്നു' 18 വയസുള്ളപ്പോൾ സുബ്ബലക്ഷ്മി മദ്രാസിലെ മ്യൂസിക് അക്കദമിയിൽ ചേർന്നു.ചെമ്പൈ വൈദ്യനാ ദ ര ടക്കമുള്ളവരുടെ ശിഷ്യയായിരുന്നു.സുബ്ബലക്ഷ്മിയുടെ മാസ്മരിക ശബ്ദം ജനങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങി. വശ്യമായ ശബ്ദവും അനുപമമായ ചലനങ്ങളും ഏവരേയും ആകർഷിച്ചു. ചലചിത്ര പ്രവർത്തകനായ ടി.സദാശിവവുമായുള്ള വിവാഹം സുബ്ബലക്ഷ്മിക്ക് ചലചിത്ര രംഗത്ത് നിരവധി അവസരങ്ങൾ തുറന്നു.സദാശിവം നിർമ്മിച്ച സിനിമയിൽ മീരയായി പാടിയഭിന 'യിച്ചത് പരക്കെ അംഗീകാരം നേടി 1953 നവംബർ 29 ന് സുബ്ബലക്ഷ്മിക്ക് ഒരു വെള്ളി കിണ്ണം സമ്മാനിച്ചത് അവൾക്ക് ഏറെ സന്തോഷമുണ്ടാക്കി. മലയാളികൾ കേട്ടുണരുന്ന സുപ്രഭാത ഗാനത്തിലൂടെ നമ്മൾക്കും സുബ്ബലക്ഷ്മി വളരെ സുപരി ചതയാണ്.2004 ഡിസംബർ 11 ന് തന്റെ 88ാം വയസ്സിൽ എം.എസ് സുബ്ബലക്ഷ്മി അന്തരിച്ചു.







ലേഖനം

ഹർകിഷൻ എം എസ് 10 B

## പഴഞ്ചൊല്ലുകൾ

1) അങ്ങാടിയിൽ തോറ്റതിനമ്മയോട്.

2) വിട്ടു മറന്നാലും മൂട് മറക്കരുത്.

3) വെളുക്കാൻ തേച്ചത് പാണ്ടായി.

4) മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

5) പടിക്കലെ പാറ പൊന്നെങ്കിൽ പാതി തേവർക്ക്.

6) പാപി ചെല്ലുന്നിടം പാതാളം.

7) പുത്തരിയിൽ കല്ല് കടിക്കുക.

8) നേരെ വാ നേരെ പോ.

9) പുലിക്കൂട്ടിൽ തലയിടുക.

10) പാമ്പും ചാകണം കോല് ഒടിയുകയും ചെയ്യരുത്.

11) ഉള്ള കഞ്ഞിയിൽ പാറ്റ വീഴുക.

12)എന്റെ മുല്ലയും പൂക്കും.

13) വടി കൊടുത്ത് അടി വാങ്ങുക.

# പുതുപുത്തൻ കണ്ടുപിടിത്തങ്ങൾ

## കണ്ണാടി ടി.വി




സാംസങ് കമ്പനിയുടെ പുതിയ കണ്ടുപിടിത്തമാണ് കണ്ണാടി ടി.വി കൾ. മറുവശം കാണാവുന്ന വെറുംഗ്ലാസ് ആയിരിക്കും ഈ ടി.വി ഭിത്തിയിലോ ജനാലയിലോ പിടിപ്പിച്ചാൽ അവിടെ ടി.വി ഉണ്ടെന്ന് തോന്നില്ല ഇത് ഫുൾ എച്ച്ഡി ക്വാളിറ്റിയിൽ അതിഗംഭീര ചിത്രങ്ങൾ തെളിയുന്ന ടി.വി യാണിത്.

## കണ്ണാടി സ്മാർട്ട് ഫോൺ

ശാസ്ത്രലോകത്തിന്റെ പുത്തൻകണ്ടുപിടിതമാണ് സ്മാർട്ട് ഫോൺ എന്നാൽ ശാസ്ത്രലോകം ഇപ്പോൾ ഒരു പുതിയ സ്മാർട്ട് ഫോൺ കണ്ടുപിടിചിരിക്കുകയാണ് ഈ സ്മാർട്ട് ഫോൺ പ്രത്യേക ചാർജിങ് ഉപകരണത്തിനു മുകളിൽ ഫോൺ വച്ചാൽ ചാർജായികിട്ടും. പ്രകാശം കടത്തിവടുന്ന സുതാര്യമായ കണ്ണാടിക്കട് പോലെയുള്ള ഫോണുകളള ഫോണുകളാവും ഇത്.



## *ഇനി മടക്കാം സാംസങ്*





സ്ക്രീൻ അഥവാ ഡിസ്പ്ലേ മടക്കാവുന്ന സ്മാർട്ഫോൺമാതൃക സാംസങ് അവതരിപ്പിച്ചു.സാംസങ് വികസിപ്പിച്ചെടുത്തഇൻഫിനിറ്റി ഫ്ലെക്സ് ഡിസ്പ്ലേ ആദ്യമായിപൊതുവേദിയിൽഅവതരിപ്പിച്ച കൊണ്ടാണ്പുതിയസ്മാർട്ട്ഫോൺ സങ്കേതത്തിലേക്കുള്ള കിളിവാതിൽ കമ്പനി തുറന്നത് ടാബ് ലെറ്റ് കംപ്യൂട്ടർ വലുപ്പമുള്ള സ്മാർട്ട്ഫോണാണ് സാംസങ് അവതരിപ്പിച്ചത് നടുവിൽ നിന്ന് രണ്ടായി മടക്കിയാൽഫോണിന്വലുപ്പംമാത്രം.മടക്കുന്നതോടെപുറഭാഗ ത്ത്ഫോ ണിലേതുപോലെ മറ്റൊരു ഡിസ്പ്ലേ തെളിയും മടക്കാവുന്ന പ്രധാന ഡിസ്പ്ലേക്ക് 7.3 ഇഞ്ച് വലുപ്പമാണുള്ളത്

## ഫ്രൂട്ട് മോൾഡ്




പ്രത്യേക ആകൃതിയിലുള്ള കുടിനുള്ളിൽ ഒതുകിനിർത്തി വളർത്തിയെടുത്താണ് ഈ തണ്ണിമത്തനം,തക്കാളിയുമൊക്കെ ഇങ്ങനെയാക്കുന്നത് ഇതിനായുള്ള പ്രത്യേക അച്ചുകളെ ഫ്രൂട്ട് മോൾഡ്എന്നുവിളിക്കു ചൈനയിലാണ് ഈ വിദ്യ കൂടുതലുള്ളത്!



എഡ്വിൻ റാഫേൽ IX E

# ജനറൽ ക്വിസ്



1) ഏറ്റവും വലിയ ദ്വീപ്ഏത് ?



2) ഏറ്റവും ആഴമേറിയ ഗുഹ ഏത് ?



3) ഏറ്റവും ആയുസ്സുള്ള മൃഗം ഏത്?



4) ജീവലോകത്തെ ഏറ്റവും വേഗതകൂടിയ ജീവി ഏത്?



5) ജീവലോകത്തെ ഏറ്റവും കൂടുതൽ ദേശാടനം നടത്തുന്ന ജീവി ഏത് ?



6) ഏറ്റവും വലിയ മാംസഭുക്കായ മൃഗം ഏത് ?



7) ഏറ്റവും വേഗത കൂടിയ കാർ ഏത് ?



8) ഏറ്റവും വേഗത കൂടിയ ട്രെയിൻ ഏത് ?



9) ഏറ്റവും വേഗത കൂടിയ വിമാനം ഏത് ?

10) ഹൃദയത്തിന്റ ഹൃദയം ഏത് ?




11) പിങ്ക് നിറത്തിൽ പാൽ തരുന്ന ജീവി ഏത് ?






12) ആദ്യമായി ഹാർമോണിയം ഉപയോഗിച്ചത്
ഏത് രാജ്യമാണ് ?



13) ഏറ്റവും കൂടുതൽ വേഗത്തിൽ വളരുന്ന
സസ്യത്തിന്റെപേര്ഏത്?



14) 'സാരേജഹാൻ സെ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ!'
എന്ന ഗാനം എഴുതിയതാര് ?



15) ഏറ്റവും നീളമുള്ള കപ്പൽ ഏത് ?

16) ഏറ്റവും വേഗത കൂടിയ ഓട്ടക്കാരൻ ആര് ?




17) ഏറ്റവും കൂടുതൽ ഫുട്ബോൾ ലോകക്കപ്പിൽ
ഗോളടിച്ച താരം ആര് ?



## ഉത്തരങ്ങൾ

1) ഗ്രീൻലാന്റ്

2) കബ്രുഗുഹ

3) ആൽബഡ്ര ജയന്റ് ടോർട്ടസ് (ആമ)

4) ഫാൽക്കൺ (പരുന്ത്)

5) ആർട്ടിക്ക്ടേൺ

6) സതേൺ എലിഫന്റ് സീൽ

7) ഹെന്നം വെന്നി ജിടി

8) മേഗലവ്

9) ഫാൽക്കൺ H.T.V 2

10) പേസ് മേക്കർ

11) യ്യാക്ക്

12) ഫ്രാൻസ്

13) മുള

14) മുഹമ്മദ് ഇക്ബാൽ

15) സീലൈസ് ജെയ്ന്റ്

16) ഉസൈൻ ബോൾട്ട്

17) മിറോസ്ലാവ് ക്ലോസെ (ജർമനി)



തയ്യാറാക്കിയത് - എഡ്വിൻ ബേബി IX D

# Changing season (English Poem)

Summer winter and the rain

Makes the seasonal chain

Some months are hot

Some are cold

And some months are

Neither hot nor cold

Its cloud in the mountain s

And warm in the plains

And when it rains there is

Thunder

And lightening



ANAGHA – VIII C

# The Cranes and the Farmer

(English Story)

Some cranes saw a farmer plowing  a large field .when the work of plowing was done, they patiently watched him sow the  seed .it was their feast , they  thought. As soon as the field ,they all settled down and  fell upon the sowed seed

Fortunately, the farmer had not gone far away when he heard the flapping  of their feathers  .he returned with  a sling .The farmer did not want to hurt them . he just wanted to scare them .so he shot the sling without the stones .seeing the farmer shooting with the sling was harmless .so,they swooped down and began eating the seed .The farmer shouted and stretched him sling .but this act did not  afraid of the soft measure .so this time ,he loaded the stone in his sling and shot them toward those feasting crane The crane did not realise that the sling was loaded and it resulted in many of them getting killed .the rest of them flew away not to return again



FINU THOMAS – VIII C


# കാണേണ്ടതു കാണണം!

(കഥ)

ഒരു ദിവസം ഇട്ടു കുറുക്കനും ലുട്ടുക്കുറുക്കനും നാട്ടിലിറങ്ങി. വലിയ മിടുക്കന്മാരാണെന്ന ഭാവമുണ്ട് രണ്ടു പേർക്കും. ബുദ്ധി കാണിക്കാനായി ഇട്ടു പറഞ്ഞു: "തനിക്കറിയാമോ? മനുഷ്യരുടെ ഗ്രാമ മണിത് നമ്മുക്ക് തിന്നാൻ വല്ലതും കിട്ടും" ലുട്ടു വിട്ടില്ല." ഹ ... ഹ... അതൊക്കെ എന്നിക്കറിയാം. ങേ.... അതാ, ഒരു മാൻ." ഇട്ടു നോക്കി, കുറച്ചു കലെ ഒരു മാൻ "ബുദ്ധി ഉപയോഗിച്ച് ആ മാനിനപ്പറ്റി ഞാൻ പറയാം, " ഇട്ടു പറഞ്ഞു. "മനുഷ്യരുടെ നാട്ടിൽ കാണുന്നതു കൊണ്ട് അതു മനുഷ്യർ വളർത്തുന്ന മാനാ "

അതുകേട്ടപ്പോൾ ലുട്ടുവിനു ആവേശമായി. "എങ്കിൽ ഞാനും പറയാം. മനുഷ്യർ വളർത്തുന്നതു കൊണ്ട് കാട്ടിൽ കാട്ടിൽ കിട്ടുന്ന ഭക്ഷണം അതിനു കിട്ടില്ല. അതു കൊണ്ട് ഇറച്ചിയുടെ രുചി വ്യത്യസമുണ്ടാകും." ഇട്ടു ഉടനെ പറഞ്ഞു: "നാട്ടിൽ വളരുന്നതു കൊണ്ട് ഓടുമ്പോൾ അത്ര വേഗം കാണില്ല. നമുക്കു വേഗം പിടിക്കാൻ പറ്റും. ഇതെല്ലാം ഒരു കാക്ക കേൾക്കുന്നുണ്ടയിരുന്നു. കാക്ക പറഞ്ഞു: "ഇത്രയും ബുദ്ധിമാന്മാരായ നിങ്ങൾക്ക് ഒന്നു മാത്രം മനസ്സിലായില്ല. അതു ശരിക്കും മാനല്ല, മാനിന്റെ പ്രതിമയാ! കാണേണ്ടതു കണ്ടില്ലേകിൽ എത്ര ബുദ്ധിയുണ്ടായിട്ടും എന്തു കാര്യം! "

മറുപടി പറയാൻ നിൽക്കാതെ ഇട്ടുവും ലുട്ടുവും കാട്ടിലെക്കു തിരിച്ചോടി -





അനൽ ആന്റു - IX B

# 2018 കടന്നുപോകുംമ്പോൾ *.......

ആരെഴുതിയതാണെന്നറിയില്ല വായിച്ചപ്പോൾ നമ്മളെല്ലാവരും തിരിച്ചറിയേണ്ട ജീവിത സത്യങ്ങളാണ് ഈ വാക്കുകൾ

ചില ജീവിത സത്യങ്ങൾ.... കണ്ടതും, കേട്ടതും, അനുഭവങ്ങളും !

രാത്രി ഉറങ്ങാൻ കിടന്നാൽ രാവിലെ എണീക്കും എന്ന് ഉറപ്പില്ലാത്ത ഈ ലോകത്ത് നമ്മൾ എന്തിന് അഹങ്കാരം കാണിക്കണം !

നമ്മുടെ ശരീരം വേദനിപ്പിക്കാൻ എല്ലാവർക്കും കഴിയും, പക്ഷേ നമ്മുടെ മനസ്സിനെ വേദനിപ്പിക്കാൻ നമ്മൾ ജീവനുതുല്യം സ്നേഹിച്ചവർക്കു മാത്രമേ കഴിയൂ !

മായ്ച്ചു കളയണം ചില വാശികൾ, പറഞ്ഞു തീർക്കണം ചില പരിഭവങ്ങൾ, മാറ്റി കൊടുക്കണം ചില തെറ്റിദ്ധാരണകൾ. നാളെ നമ്മളിൽ ആരുണ്ടാവുമെന്നു പറയാൻ പറ്റില്ല.

ജീവിതത്തിൽ കുറച്ചു സ്വാർത്ഥരാകണം കാരണം നിഷ്കളങ്കരെ എല്ലാവരും മുതലെടുത്ത ചരിത്രമേ ഉള്ളൂ!

ജീവിച്ചിരിക്കുമ്പോൾ എത്ര വലിയ വീട് വച്ചാലും, എത്ര വലിയ വാഹനങ്ങൾ സ്വന്തമാക്കിയാലും, എത്ര ബാങ്ക് ബാലൻസ് ഉണ്ടാക്കിയാലും കല്ലറകളുടെ വലിപ്പം തുല്യമായിരിക്കും.

എളിമയോടെ ജീവിക്കുക, സഹായിക്കുക, സ്നേഹം നൽകുക.

പഞ്ചസാരക്കും ഉപ്പിനും ഒരേ നിറമാണ്. പക്ഷേ രണ്ടിന്റെയും രുചി വളരെ വ്യത്യസ്തമാണ്. അതുപോലെയാണ് ചില സുഹൃത്ത് ബന്ധങ്ങളും.

സ്നേഹിക്കാനൊരു മനസ്സുണ്ടെങ്കിൽ പിന്നെ കുറവുകൾക്കൊന്നും അവിടെ സ്ഥാനമില്ല. കുറവുകൾ അറിഞ്ഞു സ്നേഹിക്കുമ്പോഴാണ് സ്നേഹം യാഥാർഥ്യമാവുന്നത്.

കൂര ചെറുതാണെങ്കിലും അതിനുള്ളിൽ സമാധാനമുണ്ടെങ്കിൽ അത് കൊട്ടാരത്തേക്കാൾ വലുതാണ്.

സഹായിക്കുക എന്നതിനേക്കാൾ വലിയ കാര്യമാണ് ആരെയും ഉപദ്രവിക്കാതിരിക്കുക എന്നത്.

അനുഭവത്തിന്റെ തീച്ചൂളയിൽ ചുട്ടെടുത്ത വാക്കുകൾക്ക് ഭംഗി കുറവായിരിക്കാം, അതാകും അച്ഛന്റെ ഉപദേശം പലപ്പോഴും മക്കൾക്ക് ഇഷ്ടപ്പെടാതെ പോകുന്നത്.

നമ്മളെക്കാൾ ഉയരത്തിലുള്ളവരെ നോക്കുമ്പോൾ നമുക്ക് വിഷമവും ദുഖവും തോന്നാം, നമ്മളെക്കാൾ താഴെയുള്ളവരെ ഒന്നു നോക്കൂ അപ്പോൾ മനസ്സിലാകും നാം എത്ര ഉയരത്തിലാണെന്ന്.

നമ്മൾ എന്താണോ പറഞ്ഞത് അതിന് നമ്മൾ ഉത്തരവാദിയാണ്, പക്ഷെ മറ്റുള്ളവർ എങ്ങിനെയാണതു മനസ്സിലാക്കിയെന്നതിനു നമ്മൾ ഉത്തരവാദിയല്ല.

ഒരു കൊമ്പിൽനിന്നു മറ്റൊരു കൊമ്പിലേക്കു പറക്കുന്ന കിളി പഠിപ്പിച്ചുതരുന്ന ഒരു പാഠം ഉണ്ട്.... ഒരു കൊമ്പിനെയും നാം കൂടുതൽ ആശ്രയിക്കരുതെന്ന പാഠം.

ജീവിതത്തിൽ നല്ലതല്ലാത്ത കാര്യങ്ങൾ സംഭവിക്കുമ്പോൾപോലും
അതിനേക്കാൾ വലിയ ദുരന്തങ്ങൾ ഉണ്ടായില്ലല്ലോ എന്നാശ്വസിച്ചു സമാധാനിക്കുക, പുഞ്ചിരിക്കുക.

ഉറങ്ങാൻ കിടക്കുമ്പൾ എല്ലാവർക്കും മാപ്പുകൊടുക്കുക, ശുദ്ധ മനസ്സോടെ ഉറങ്ങാൻ ശ്രമിക്കുക.

സ്നേഹം ചെറുപ്പത്തിൽ സൗജന്യമായി ലഭിക്കുന്നു, യൗവ്വനത്തിൽ അതിന്നായി അധ്വാനിക്കേണ്ടി വരുന്നു, വാർധക്യത്തിൽ അതിന്നായി യാചിക്കേണ്ടിവരുന്നു.

ബന്ധങ്ങൾ രണ്ട് തരമാണുള്ളത്.... ചിലർ നിങ്ങളുടെ മുന്നിലെത്തുന്നത് ഒരു അനുഗ്രഹമായിരിക്കും, എന്നാൽ ചിലർ നമ്മൾക്കൊരു പാഠമായിരിക്കും.

ചിരിക്കുന്ന മുഖങ്ങൾ സൂചിപ്പിക്കുന്നത് അവർക്ക് ദുഖമില്ലെന്നല്ല മറിച്ചു അതു കാണിക്കാതിരിക്കാനും, കൈകാര്യം ചെയ്യാനും അവർ പഠിച്ചിരിക്കുന്നു എന്നതാണ്.

സ്വന്തമെന്നു തോന്നുന്നവരോട് എന്തും നമ്മൾക്ക് സംസാരിക്കാൻ കഴിയും... എന്നാൽ വായിൽനിന്നും പ്രതീക്ഷിക്കാതെ കേൾക്കുന്ന വാക്കുകൾ മനസ്സിൽ വല്ലാതെ മുറിവേല്പിക്കും.

ജീവിക്കാനുള്ള ഒരവസരവും പാഴാക്കരുത്... കാരണം ജീവിതംതന്നെ ഒരവസരമാണ്, ഒന്നു കാലുതെന്നി വീണാൽ തീരുന്ന ജീവിതത്തിന് എന്തു ജാതി, എന്തു മതം, എന്തു നിറം!

ശരീരത്തിൽ ജീവനുള്ളപ്പോൾ മുഖത്തു നോക്കാൻ ആർക്കും സമയമില്ല. എന്നാൽ മരണപ്പെട്ടാൽ, ആ മുഖം കാണാൻ തിരക്കു കൂട്ടുന്നു മനുഷ്യർ. ഓർക്കുക, ജീവൻ പിരിഞ്ഞിട്ട് മുഖത്തു നോക്കുന്നതിനേക്കാൾ നല്ലത് ജീവിച്ചിരിക്കുമ്പോൾ നിറമനസ്സോടെ മറ്റുള്ളവരുടെ മുഖത്തുനോക്കി പുഞ്ചിരിക്കുന്നതാണ്...



ജ്യോതി ആന്റണി - അധ്യാപിക

# ഓട്ടവും കുറ്റവും

(കഥ)

ഒരു ദിവസം ഹോ ജയും ചങ്ങാതി അലിയും ഒരു കാഴ്ച കണ്ടു. ഒരാളെ കുറേപ്പേർ ഓടിക്കുന്നു! "കള്ളൻ ..... കള്ളൻ ....!"

ഇതു കണ്ടു പേടിച്ച ഹോജ തിരിഞ്ഞോടാൻ ഒരുങ്ങി ."നിങ്ങളെന്തിനാ ഓടുന്നത്? നിങ്ങൾ കുറ്റമൊന്നും ചെയ്തിട്ടില്ലല്ലോ?"

അലി ഹോജയോടു ചോദിച്ചു.

"കുറ്റം ചെയ്തിട്ടില്ലെങ്കിലും ചിലപ്പോൾ ഓടേണ്ടി വരും ". ഹോജ പറഞ്ഞു.

" ഹേയ്..... ഒരിക്കലുമില്ല കുറ്റം ചെയ്തിട്ടില്ലെങ്കിൽ ഞാൻ ഓടില്ല!" അലി ഉറപ്പിച്ചു പറഞ്ഞു.

"ഓഹോ..." ഹോജ മുന്നോട്ടു നടന്നു.

കുറച്ചു ചെന്നപ്പോൾ വഴിയരികിൽ ഒരു നായ നിൽക്കുന്നത് ഹോജ കണ്ടു. ഒരു കല്ലെടുത്ത് ഹോജ നായയുടെ മുന്നിലേക്ക് ഒരേറ്! എന്നിട്ടോ? ഒറ്റയോട്ടം! ദേഷ്യം വന്ന നായ ഓടി വന്ന് മുന്നിൽക്കണ്ട അലിയെ ഒറ്റക്കടി!

പിറ്റേന്നു കണ്ടപ്പോൾ അലി പറഞ്ഞു, "വല്ലാത്ത ചതിയായിപ്പോയി ഹോജാ .... ഒറ്റയ്ക്കങ്ങ് ഓടിക്കളഞ്ഞല്ലോ!"

ഹോജയുടെ മറുപടി പെട്ടെന്നായിരുന്നു: "നിങ്ങൾ എന്തിനാണ് ഓടുന്നത്? കുറ്റം ചെയ്തതു ഞാനല്ലേ?"



അലൻ ജെറി - IX E

# കുട്ടി കവിതകൾ

## വീട്

ആകാണണ വീട് അപ്പുവിന്റെ വീട്
ഈ കാണണ വീട് ഇന്ദുവിന്റെ വീട്
മുന്നിൽ കാണണ വീട് മുന്നയുടെ വീട്
പിന്നിൽ കാണണ വീട് പീറ്ററിന്റെ വീട്

## മഴ

കുട്ടിൽ പെയ്യണ പേമാരി
കടലിൽ പെയ്യണ പേമാരി
മരമില്ലെങ്കിൽ കാടില്ല
ജലമില്ലെങ്കിൽ കടലില്ല
മരവും കാടും
ജലവും കടലും
ചേർന്നാലോ കേമായി

## നിള

കണ്ണെത്താ ദൂരത്ത് നീണ്ടു കിടക്കുന്ന നിള
മഴക്കാലത്ത് കുളിർമയുള്ള കാഴ്ച
കണ്ണു മിഴിച്ച് ദൂരേ നോക്കിയാലും
വേനലിൽ ലേശമില്ലാ നിള



എവിൻ - IX D


# പ്രളയം

(അനുഭവക്കുറിപ്പ്)



ഒരു ദിവസം പുലർച്ച എഴുന്നേറ്റു അഞ്ചുപേരുള്ള കുടുംബക്കാർ വീടിന്റെ മുൻപിൽ നോക്കുമ്പോൾ മുറ്റത്തു നിറയെ വെള്ളം പുഴ പോലെ ഒഴുകുന്നു. ആ കുടുംബമാകെ തളർന്നു. ഇന്നലെ വരെ ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല സമയം പോകുതോറും മുറ്റത്ത് വെള്ളം കൂടികൊണ്ടിരുന്നു ആ ഗൃഹനാഥൻ പറഞ്ഞു എല്ലാമുൻകരുതലുകളും എടുത്തു വെക്കാമെന്ന്.ഇടയ്ക്കിടെ പാമ്പുകൾ കേറിവരുന്നുണ്ടായിരുന്നു. രാത്രി ആകും തോറും വെള്ളം കൂടികൊണ്ടിരുന്നു. ഗൃഹനാഥൻ ആ വീടുനു കാവൽ കിടന്നു. പിറ്റേദിവസം രാവിലെ ആകുമ്പോഴേക്കും അവർ വസ്തുങ്ങളെല്ലാം എടുത്തു വെച്ചു. വെള്ളം കുറയുന്നതൊന്നും കാണുന്നുമില്ല. അവർ എങ്ങനെ അവിടെ നിന്നും രക്ഷപെടുമെന്ന് ആലോചിച്ചു .വീടിന്റെ പിന്നിൽ അധികം വെള്ളം ഉണ്ടായിരുന്നില്ല. അപ്പോളാണ് ഗൃഹനാഥൻ പിന്നിലുള്ള കമ്പിവേലി പ്ലയർ കൊണ്ട് വെട്ടി അതിലൂടെ ഉയരമുള്ള പറമ്പിലേക്ക് കയറി അവരുടെ ബന്ധുവീട്ടിൽ അഭയം തേടി. അതായിരുന്നു കേരളം കണ്ട ഏറ്റവും വലിയ പ്രളയം. ഇന്നിപ്പോൾ കേരളത്തെ നവീകരിക്കാൻ നിരവധി സഹായഹസ്തങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇനി ഒന്നും വരാതിരിക്കാൻ നമുക്ക ഒരുമിച്ച് കൈകോർക്കാം.






അലീഷ സിജു - VIII A

# വിവരസാങ്കതിക വിദഗ്ദർ

റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ



അമേരിക്കൻ ഐക്യനാടുകളിൽ, മാസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ കമ്പ്യൂട്ടർ വിദഗ്ധനായിരുന്ന റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകനായാണ് ലോകമെമ്പാടും അറിയപ്പെടുന്നത്.
ജനനതിയതി: 1953, മാർച്ച് 16
ജനന സ്ഥലം: ന്യൂയോർക്ക് നഗരം,അമേരിക്കൻ
ഐക്ക്യനാട്ടുകൾ

മാർക്ക് ഏലിയറ്റ് സക്കർബർഗ്



ഒരു അമേരിക്കൻ കമ്പ്യൂട്ടർ വ്യവസായിയാണ് മാർക്ക് ഏലിയറ്റ് സക്കർബർഗ്. ഇപ്പോൾ ഫേസ്ബുക്ക് എന്ന സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റിന്റെ സി.ഇ. ഒ. ആണ് സക്കർബർഗ്.
ജനനതിയതി: 1984, മേയ് 14
ജനന സ്ഥലം: ന്യൂയോർക്ക് നഗരം,അമേരിക്കൻ
ഐക്ക്യനാട്ടുകൾ

ലാറി സാങർ



ഒരു അമേരിക്കൻ തത്വചിന്തകനും കലാലയ അദ്ധ്യാപകനും സിറ്റിസെൻഡിയം എന്ന സൗജന്യ ഓൺലൈൻ വിജ്ഞാനകോശത്തിന്റെ സ്ഥാപകനുമാണ് ലോറൻസ് മാർക്ക് "ലാറി" സാങർ. പല ഓൺലൈൻ വിജ്ഞാനകോശ സംരംഭങ്ങളിലും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നുപീഡിയയുടെ മുൻ എഡിറ്റർ ഇൻ ചീഫായ ഇദ്ദേഹം അതിന്റെ പിൻഗാമിയായ വിക്കിപീഡിയയുടെ ചീഫ് ഓർഗനൈസറും സഹ സ്ഥാപകനും ആണ്.
ജനനതിയതി: 1968, ജൂലൈ 16
ജനന സ്ഥലം: വാഷിങ്ഡൺ അമേരിക്കൻ
ഐക്ക്യനാ

ജിമ്മി വെയിൽസ്



ജിമ്മി ഡൊണാൾ "ജിംബോ" വെയിൽസ് ഒരു സ്വതന്ത്ര സർവ്വ വിജ്ഞാന കോശമായ വിക്കിപ്പീഡിയയും മറ്റു പല വിക്കി സംരംഭങ്ങളും നടത്തുന്ന ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന കോർപ്പറേഷനായ വിക്കിമീഡിയ ഫൌണ്ടേഷന്റെ സ്ഥാപകനും, വിക്കിമീഡിയ ഫൗണ്ടേഷന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിലെ ഒരു അംഗവുമാണ്.

ജനനതിയതി: 1966, ഓഗസ്റ്റ് 7

ജനന സ്ഥലം: ഹംട്സ്വില്,അലബാമ_അമേരിക്കൻ ഐക്യനാടുകൾ

മാർക്ക് ഷട്ടിൽവർത്ത്




പ്രമുഖ ഗ്നു/ലിനക്സ് വിതരണമായ ഡെബിയൻ ആധാരമാക്കി നിർമ്മിച്ചിരിക്കുന്ന ഒരു സ്വതന്ത്ര കമ്പ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു. വളരെ അധികം ജനപ്രീതിയാർജ്ജിച്ചൊരു ലിനക്സ് വിതരണമാണിത്. ദക്ഷിണാഫ്രിക്കൻ വ്യവസായിയായ മാർക്ക് ഷട്ടിൽവർത്തിന്റെ നേതൃത്വത്തിലുള്ള കാനോനിക്കൽ ലിമിറ്റഡ് എന്ന കമ്പനിയാണ് ഉബുണ്ടു സ്പോൺസർ ചെയ്യുന്നത്.

കടപ്പാട് : വിക്കി പീഡിയ

# അമ്മയും കുഞ്ഞും

(കഥ)

രാത്രിയെ കീഴടക്കികൊണ്ട് വരുന്ന സൂര്യന്റെ പ്രകീശകിരണങ്ങളോരോന്നും ആ അമ്മയ്ക്കും കുഞ്ഞിനും പുതുജീവൻ നൽകി. ആ രാത്രി അവൾക്ക് മറക്കാനാവാത്തതായിരുന്നു. ഇന്നവൾ ഏകയാണ്. ഒരു കൈകുഞ്ഞും ആയി ജീവിക്കാൻ തുടങ്ങുകയാണ്. ആളുകൾ പലതും പറഞ്ഞ് പരത്താൻ തുടങ്ങി. എന്നാലത് അവൾക്കൊരു വെല്ലുവിളിയായിരുന്നു. മകനെ വളർത്തി വലിയവനാക്കണമെന്ന് അവൾക്കാഗ്രഹമുണ്ടായിരുന്നു. എന്നാലവൾക്ക് ഒരു പ്രതീക്ഷയുമില്ലായിരുന്നു. കാരണം അവളുടെ കുഞ്ഞിന് ആറുമാസം മാത്രമേ പ്രായമായിട്ടുള്ളൂ. എന്തുചെയ്യണമെന്നറിയാതെ അവൾ വലഞ്ഞു. അവൾക്കും കുഞ്ഞിനും കഠിനമായ വിശപ്പുണ്ടായിരുന്നു. തന്റെ കുട്ടിക്ക് ഒന്നും കൊടുക്കാനാവാതെ അവൾ വിതുമ്പി. മരണത്തെ മുഖാമുഖം കണ്ട് തങ്ങളോട് വിട പറഞ്ഞ ഭർത്താവിനെ അവൾ ഒരു നിമിഷം ഓർത്തു. പെട്ടെന്നവളുടെ കുഞ്ഞ് കരഞ്ഞു തുടങ്ങി. അവൾക്ക് മനസ്സിലായി തന്റെ കുഞ്ഞിന് നല്ല വിശപ്പുണ്ടെന്ന്. അവൾ തപ്പിതടഞ്ഞ് 20 രൂപയുമായി കുട്ടിയേയും കൊണ്ട് കടയിലേക്കു പോയി. കടഎത്താറാകുമ്പോഴേക്കും കുട്ടികരച്ചിൽ നിർത്തി. അവൾ പാൽ വാങ്ങി ഓരോ തുള്ളിയായി കുട്ടിയുടെ വായിലേക്ക് ഒഴിച്ചുകൊടുത്തു. പക്ഷ കുട്ടിക്ക് ഒരു അനക്കവുമില്ല. അവൾ മകനെ മാറോടണച്ചു. എല്ലാം അവൾക്കുമനസ്സിലായി. മകനും അവനെ വിട്ടു പിരിഞ്ഞിരിക്കുന്നു. എല്ലാം മറന്ന് ആ കടത്തിണ്ണയിലിരുന്ന് മനം നൊന്ത് ആ അമ്മ പൊട്ടികരഞ്ഞു.



അപർണ്ണ കെ എ – X B

# അപരഗാന്ധിമാർ

1) അതിർത്തിഗാന്ധി - ഖാൻ അബ്ദുൾ ഗാഫർഖാൻ

2) ആധുനികഗാന്ധി - ബാബാ ആംതെ

3) കേരളഗാന്ധി - കെ. കേളപ്പൻ

4) ബീഹാർഗാന്ധി - ഡോ. രാജേന്ദ്രപ്രസാദ്

5) അമേരിക്കൻഗാന്ധി - മാർട്ടിൻ ലൂതർകിങ്

6) ആഫ്രിക്കൻഗാന്ധി - കെന്നത്ത് കൗണ്ട

7) കെനിയൻഗാന്ധി - ജോമോ കെനിയാത്ത

8) ശ്രീലങ്കൻഗാന്ധി - എ.ടി അരിയരത് നെ

9) മയ്യഴിഗാന്ധി - ഐ.കെ കുമാരൻമാസ്റ്റർ

10) ഇൻഡോനേഷ്യൻഗാന്ധി - അഹമ്മദ് സുകാർണോ

11) ബാൾക്കൻഗാന്ധി - ഇബ്രാഹിം റുഗോവ

12) ജർമൻഗാന്ധി - ജെറാൾഡ് ഫിഷർ

# പ്രളയം

**(കവിത)**

ഞാൻ നനഞ്ഞ മഴയും
നീ നനഞ്ഞ മഴ നനഞ്ഞ
വേറെയായിരുന്നു.
അതിർ വരമ്പുകൾ
സൃഷ്ടിച്ചും നമ്മൾ
സമ്പാദിച്ചതും എല്ലാം
അന്ന് പെയ്തമഴയിൽ
ഒഴുകി പോകാൻ
മാത്രം ഉണ്ടായിരുന്നുള്ളൂ
അപ്പോൾ മാത്രമാണ്
നമ്മൾ തിരിച്ചറിഞ്ഞത്
നീയും ,ഞാനും  നനഞ്ഞത്
ഒരേ മഴയാണെന്ന്
പ്രളയം പഠിപ്പിച്ച പാഠം




ജെറാൾഡ് - VIII B



## എന്റെ വര

മിഥുൻ മനോജ് - 10 B



# നന്ദി

ഇത് ഒരു പുതിയ കാൽവെയ്പ്പാണ്. വിവര സാങ്കേതിക വികസനങ്ങൾക്കൊപ്പം അതിവേഗം ചിറ്റാട്ടുകര

സെന്റ് സെബാസ്റ്റ്യനിലെ ഒരു കൂട്ടം ഐ .ടി .കുട്ടികളുടെ മുന്നേറ്റം

എടുത്ത വച്ച ഈ കാൽചുവിടന് റേണ്ടത്ര പൂർണത ഞങ്ങൾ ഉറപ്പുപറയുന്നില്ല' ഞങ്ങൾക്കു ലഭിച്ച വിവിധ

പരിശീലനങ്ങൾ, ഞങ്ങൾ മനസ്സിലാക്കിയ ഐ.ടി. സാങ്കേതിക വിദ്യകൾ ഇവയെല്ലാം ഉപയോഗിച്ച് ഞങ്ങൾ

നടത്തിയ ആദ്യത്തെ ചുവട്

ചിട്ടയും വ്യക്തതയും, കൃത്യതയും കുറഞ്ഞ ഞങ്ങളുടെ"  സ്റ്റപ്പിന് ' ഞങ്ങൾക്ക് പ്രചോദനമായ മാനേജർ, ഹെഡ്മാസ്റ്റർ,

പ്രിയ അധ്യാപകർ, മലയാളം ഇംഗ്ലീഷ് എന്നിവ ടൈപ്പ് ചെയ്ത് ഞങ്ങളെ സഹായിച്ച കൈറ്റംഗങ്ങളും അല്ലാത്തതുമായ കൂട്ടുകാർ

ഞങ്ങളെ കൈ പിടിച്ച് സഹായിച്ച ഞങ്ങളുടെ കൈറ്റ് മാസ്റ്റർ ,മിസ്ട്രസ് എന്നിവർക്കും ഒരായിരം നന്ദി.

ഞങ്ങൾ ഇനി ഉറച്ച ചുവടുകൾ വക്കും

ചക്രവാള സീമകൾ വരെ ഓടും

കാരണം ഞങ്ങൾ വച്ച ഈ ആദ്യ ചുവട് ഞങ്ങൾക്ക് എന്നും ആവേശമാണ്

നന്ദിയോടെ

എഡിറ്റേഴ്സ്

